**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1125** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>കുട്ടനാട് നിയോജകമണ്ഡലത്തിലെ ഭൂമി തരംമാറ്റ അപേക്ഷകളും റീസർവേ നടപടികളും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റെജി ചെറിയാൻ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കുട്ടനാട് നിയോജകമണ്ഡലത്തിലെ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് വിവിധ ഓഫീസുകളിലായി കെട്ടിക്കിടക്കുന്ന അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനും തരംമാറ്റവുമായി ബന്ധപ്പെട്ട് ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** കുട്ടനാട് നിയോജക മണ്ഡലത്തിലെ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളിൽ കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവരിൽ നിന്നും റിപ്പോർട്ട് ലഭിച്ച കേസുകളിൽ സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

റിപ്പോർട്ട് ലഭിക്കാത്ത കേസുകളിൽ അടിയന്തര പ്രാധാന്യത്തോടുകൂടി റിപ്പോർട്ട് ലഭ്യമാക്കുവാൻ ബന്ധപ്പെട്ട കൃഷി ഓഫീസർമാർ, വില്ലേജ് ഓഫീസർമാർ എന്നിവർക്ക് കർശന നിർദ്ദേശം നൽകി സത്വര നടപടി സ്വീകരിച്ച് വരുന്നു.

**(ബി)** കുട്ടനാട് നിയോജകമണ്ഡലത്തിലെ എടത്വ വില്ലേജിലെ റീസർവ്വേ നടപടികൾ ഏത് ഘട്ടത്തിലാണ്; റീസർവ്വേ പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>മറുപടി:</u>** കുട്ടനാട് നിയോജകമണ്ഡലത്തിലെ എടത്വ വില്ലേജിൽ നിലവിൽ ഡിജിറ്റൽ റീസർവേ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**